# ഓണപ്പടവ

proved as non-detailed Text for form IV by the
Travancore-Cochin Union Government
for the Year of 1950.

വള്ളത്തോൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഓണപ്പുടവ

ഗ്രന്ഥകർത്താ:

**വള്ളത്തോൾ**

[library stamp]

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി.

1950 ജൂൺ.

മൂന്നാംപതിപ്പ്.

വില പത്തണ

എല്ലാ പ്രതികളിലും വള്ളത്തോളിന്റെ സീലുണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

# വിഷയാനുക്രമം.


൧. പുരാണങ്ങൾ

൨. അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ

൩. ജാതകം തിരുത്തി

൪. എന്റെ ഗുരുനാഥൻ

൫. "അല്ലാഹ്"

൬. മലയാളത്തിന്റെ തല

൭. ഭക്തിയും വിഭക്തിയും

൮. നരേന്ദ്രന്റെ പ്രാൎത്ഥന

൯. കൎഷകജീവിതം

൧൦. ആ മോതിരം

൧൧. ഇന്ദ്രനും മാബലിയും

൧൨. എന്റെ ഭാഷ

൧൩. തിരുമനസ്സിലെ മതം

൧൪. ഓണപ്പുടവ


Digitized By Kerala Sahitya Akademi

# ഓണപ്പുടവ

പി. പുരാണനാഥൻ

---

(കിളിപ്പാട്ട്)

ഭാരതവർഷത്തിലെപ്പൂർവ്വമുനീന്ദ്രന്മാർ
പാരിന്നുള്ളടിക്കല്ലു പാകിയുറപ്പിച്ചവർ,
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകധനന്മാരു-വർത്തിച്ച വാസങ്ങളോ,
പൊട്ടപ്പുല്ലുകൾകൊണ്ടും വൃക്ഷവൽക്കലംകൊണ്ടും
കെട്ടിമേഞ്ഞവയാമപ്പാഴ്ക്കുടിലുകളത്രേ.
എങ്കിലുമവയിൽനിന്നിങ്ങേ കിട്ടിയ രത്നി-
ത്തങ്കങ്ങൾ മഹാശ്ലോകങ്ങൾ, മറ്റാർക്കുമലഭ്യങ്ങൾ.

പട്ടുമെത്തയെക്കാളുമിഷ്ടമായ് പാദശയ്യ
ശിഷ്ടരാമവരുടെ ദർഭപ്പുൽവിരിപ്പുകൾ:
തത്ത്വചിന്തോദ്രേകത്താലെങ്ങാനുമവർദൃക്ക്
വിസ്തീർണ്ണത്തിരുനെറ്റി ചുളിയത്താവുമ്പോളെല്ലാം,
പ്രേമവിഹ്വലയായ്ത്തൻ പാർശ്വമണച്ചുള്ളയാൾ
കോമളം വീശിപ്പോന്ന വാതാലിചാലിതന്റെ
മഞ്ജുകൈത്തണ്ടയിൽപ്പിടഞ്ഞിളകിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽനിന്നുമാമിന്നും കേൾപ്പൂ!

Digitized By Kerala Sahitya Akademi

അമ്മഹാശയന്മാരാം മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം നിർത്തി വിശ്രമിയ്ക്കുമ്പോഴം
നന്മയിൽക്കവിതയാം ദേവിയുമായിച്ചെയ്ത
നർമ്മസല്ലാപങ്ങളേ, നിങ്ങൾക്കു നമസ്കാരം!
ഭാസകാളിദാസാദ്യന്മാരെയും പുലർത്തിയ
ഭാസുരസാരസ്വതഭണ്ഡാരപ്പുരകളേ,
ദുർഗ്രഹമാഹാത്മ്യമാമാമ്നായാദ്രിയിൽനിന്നു.
നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളേ,
ഉച്ചകൈരുപനിഷദ്ദേവതാക്ഷേത്രങ്ങളേ,
സച്ചതുർവ്വർഗ്ഗാഭിഖ്യസസ്യകക്ഷേത്രങ്ങളേ,
പേർപെറുമാര്യന്മാർതൻ വിജയസ്തംഭങ്ങളേ,
ശ്രീപുരാണാഗ്ര്യങ്ങളേ, നിങ്ങൾക്കു നമസ്കാരം!

തേനൊലിപ്പഴങ്ങളും, തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തിക്കളിയ്ക്കും കുളിർകാററും,
മാനസം തെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചില ദിക്കിൽ;
താമരയിലകളാൽ പച്ചവില്ലീസ്സു പുത-
ച്ചാ മട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചില ദിക്കിൽ;
നക്ഷത്രങ്ങളെച്ചൂഡാരത്നങ്ങളാക്കും നാനാ-
വൃക്ഷങ്ങൾ തിങ്ങും ശൈലാരണ്യങ്ങൾ ചില ദിക്കിൽ;
പാറമേൽത്തട്ടിപ്പാരം പളുങ്കിൻമണി ചിന്നി-
ച്ചാരവമോടേ പായും പുഴകൾ ചില ദിക്കിൽ-
പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാ, ഹാ,
സ്കൃതിനിഷേവ്യമേ നിങ്ങൾതൻ മഹാരാജ്യം!

Digitized By Kerala Sahitya Akademi

ബന്ധനാധികാരത്താൽ കണ്ണുരുട്ടിയോ, സ്വേച്ഛാ-
ഖണ്ഡശക്തിയാൽ കൈയ്ക്കു പിടിച്ചു നിറുത്തിയോ,
ഭംഗിയിലനുരാഗാലണച്ചു തഴുകിയോ
നിങ്ങളെ പിന്തിരിപ്പിച്ചു ദൃഷ്ടതത്തിൽനിന്നൊന്നോ.
മണ്ണിനെപ്പൊന്നാക്കുന്ന മായതൻ കളിത്തരം
കണ്ണിമയ്ക്കാതെ നോക്കിക്കണ്ടെററം ചിരിയ്ക്കുന്നു;
മൎത്ത്യജീവിതപുഷ്പം ചേററിൽ വീഴുവതോൎത്തി
ട്ടത്തലാൽക്കരയുന്നു തൽക്ഷണംതന്നേ നിങ്ങൾ.
നീതിയുമനീതിയും ധൎമ്മവുമധൎമ്മവും
വേർതിരിച്ചിഹ നിങ്ങൾ ഭരണം നടത്തുന്നു;
പൈതലാം ലോകത്തിന്നു വിശ്രമാനന്ദം നല്കാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടു പാടീടുന്നു
ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡേന്തുന്നു;
പൊൻകിരീടത്തെജ്ജടാജൂടമായ് മാററീടുന്നു;
സ്വൎഗ്ഗവും തൃണപ്രായം നിങ്ങൾക്കു; ജഗത്തിങ്കൽ
മൃഗ്യമായൊന്നേയുള്ളു: സ്വാതന്ത്ര്യം—സാക്ഷാൽ മോക്ഷം.

പൂതമോംകാരംപോലെ ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം ലഭിപ്പാനായ്ക്കരണത്രിതയത്താൽ
സാദരം പ്രയത്നിപ്പിൻ; സാഫല്യപ്പെടുത്തുവിൻ,
സോദരന്മാരേ, നിങ്ങൾ സാരമാം നരജന്മം!

Digitized By Kerala Sahitya Akademi

# ൨. അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ

1. "അന്തിച്ചുകപ്പാലുദ്ഭവാബ്ധങ്ങളൊ-
ന്തന്തരീക്ഷാന്തം ബിംബിച്ചിതാ,
ഹന്ത, കാണാകുന്നു കാളിന്ദി, നീളവേ
ചെന്താമരപ്പൂക്കൾ ചേർന്നപോലെ.

2. അംബ കളിന്ദജേ നിന്നോടു നേരാമോ
ത്ര്യംബകൻ ചൂടിന ഗംഗപോലും?
ചുംബിച്ചുപോരുന്നുവല്ലോ നീ നിത്യവു-
മംബുജനേത്രന്റെ തൃപ്പാദത്തെ.

3, നിങ്കലിക്കാണും നിറപ്പകിട്ടോ മണി-
ച്ചിലങ്കഴലപ്പിച്ച കാന്തിതാനോ?
എൻകണ്ണനുണ്ണിതൻ മെയ് മെച്ചമാനായ-
മങ്കമാർതൻമുലക്കുങ്കുമമോ?

4. കാളിന്ദീദേവി, നിൻ കല്ലോലപാളിയിൽ-
ത്തോളം ചവുട്ടുന്ന താർത്തേനല്ലോ,
നിർവാണലക്ഷ്മിതൻ നിശ്വാസംപോലെന്നെ-
സ്സർവാംഗം കോൾമയിർക്കൊള്ളിക്കുന്നു.

5. കണ്ണന്റെ ചെഞ്ചൊടി പൂണുന്ന വേണുവിൻ
പുണ്യനിനാദത്തിൻ ബിന്ദുക്കളോ,
നിന്നുടെ തണ്ണീരൊഴുക്കിൽനിന്നൊന്തിവ-
ന്നെന്നുടെ കണ്ണും കുളിർപ്പിക്കുന്നു!

6. ചിൽക്കഴമ്പായ് മൂന്നുലോകം നുകരുമ—
ത്തൃക്കഴലൂന്നിന്റെ മാധുര്യം.

Digitized By Kerala Sahitya Akademi

നിൻപാദവെണ്മണൽത്തിട്ടിനെക്കേവലം
പഞ്ചാരക്കുന്നുപോലാക്കിയല്ലോ!

7. കാളിന്ദികൊണ്ടൊരു നീലക്കരയിട്ട
ചേലിൽ വിളങ്ങും വൃന്ദാരണ്യമേ,
കാമികൾ നക്കിത്തുടയ്ക്കുമച്ചെന്തളിർ—
ക്കാലടിവെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിക്കുന്ന നിൻദിക്കിലെങ്ങാനൊരു
പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ!
ഹാ, ലോകഭാഗ്യമേ, പാവനമീവനം
ഭൂലോകം പൂകിന ഗോലോകം താൻ!
നല്ലിളംപൂക്കളെ മെല്ലെത്തുറക്കുന്ന
മല്ലികേ, മാലതി, മന്ദാരമേ,
വല്ലവപ്പൊൻകുഞ്ഞിൻ മന്ദഹാസാങ്കുര—
മല്ലയോ നിങ്ങളിൽ വെള്ളവീശി!

9. അമ്പാൻറ ശാലകൾ പൂകുന്ന ഗോക്കൾത—
ന്നമ്പാരവമിതാ, മന്ദമായി
അമ്പാടിതന്നിൽനിന്നാരാലണയുന്നു;
നിമ്പാപം കണ്ണുമേ, നീറടിഞ്ഞു!

10. ഇക്കാണും ഗോകുലമന്ദിരപംക്തിതൻ
വയ്ക്കോലു മേഞ്ഞുള്ള മേൽപ്പുരമേൽ
സ്വീയകരങ്ങളാൽസ്സിന്ദൂരം ചാർത്തുന്നു
സായന്തനാരുണൻ, സാധുവൃത്തൻ.

11. അസ്തംഗമിക്കുവാൻ തുടങ്ങുന്ന ഭാസ്കരൻ
വിസ്തൃതം തൻകരസർവസ്വവും,

Digitized By Kerala Sahitya Akademi

അപ്പരമേശൻ വസിയ്ക്കുമമ്പാടിയി—
ലർപ്പണം ചെയ്യുന്ന പുണ്യശാലി!

12. ഗൌരാഹയങ്ങളെപ്പൂട്ടിയതാകുമെൻ
തേരിതു കണ്ടു പകച്ച കണ്ണാൽ
നോക്കിനില്ക്കുന്നു, നേക്കാലയിൽപ്പോകുന്ന
ഗോക്കളും ഗോപരുമുന്മുഖരായ്.

13. മണ്ടിനടക്കുന്ന കാളക്കിടാങ്ങൾതൻ
കണ്ഠത്തിൽത്തൂങ്ങുന്ന ഘണ്ടികകൾ
വാനിലലയ്ക്കും ഘണംഘണനാദത്താൽ
വാസരാന്തത്തെ വിളിച്ചോതുന്നു!

14. പൊൻതാഴികക്കുടം വെച്ച വന്മേടകൾ
പൊന്തിനിന്നീടുന്ന പട്ടണങ്ങൾ,
ഏതാനും പുൽമേഞ്ഞ കൊച്ചുപുരകളെ
മാർതന്നിൽച്ചേർക്കുമിഗ്ഗോകുലത്തെ
താണു വണങ്ങട്ടെ: വാഴുന്നതിങ്ങല്ലോ,
ധർമ്മത്തിൻ പ്രാണനാം തമ്പുരാൻ താൻ.

15. പാലാഴിമങ്കതൻ പര്യായഭേദങ്ങൾ
പോലെഴും ഗോപാലപ്പെൺകൊടിമാർ,
ത്രൈലോക്യനാഥനാം തങ്കക്കിടാവിനെ—
ത്താലോലിയ്ക്കുന്ന നൽക്കൈകളാലെ,
തുംഗമണിമയകങ്കണക്വാണമാം
മംഗല്യസംഗീതം പൊങ്ങുംവണ്ണം
നാക്കിനാൽക്കുട്ടിയെ നക്കി മിനുക്കുന്ന
പൈക്കളെ സ്വൈരം കറന്നീടുന്നു.

Digitized By Kerala Sahitya Akademi

16. നീലക്കാർവർണ്ണന്റെ പുഞ്ചിരിപ്പാൽക്കുഴ-
മ്പോലും തിരുമുഖം ധ്യാനിക്കയും,
'വീരനപ്പാൽവെണ്ണക്കള്ളനെന്നെ'ന്നപേ-
ത്താരാഞ്ഞുകൊൾകയും ചെയ്യുംപോലെ,
നേത്രമിമച്ചു മിഴിയ്ക്കുന്ന ശോഭന-
പാത്രത്തിൻ വക്കത്തിപ്പാൽപ്പതകാം."

17. അക്രൂരചാതക, പോരും നിൻ ചിന്തകൾ;
ചിക്കെന്നു തേർവിട്ടിറങ്ങിക്കൊൾക:
തൃക്കണ്ണാൽ പൈക്കളെ വീക്ഷിച്ചുകൊണ്ടിതാ,
നില്ക്കുന്നു നിന്നുടെ നീലമേഘം—
ആനകദുന്ദുഭി, ദേവകിയെന്നിവർ
നാനാതപശ്ശക്തി നേടിനേടി,
പ്രേമമാം പീയൂഷംകൊണ്ടു നിർമ്മിച്ചോരു
കോമളശ്യാമളബാലരൂപം—
നന്ദന്റെ ഗേഹത്തിൽ ദൈവം കൊളുത്തിയ
സുന്ദരമായൊരു ഭദ്രദീപം—
ധന്യയാകുന്ന യശോദതൻ മാർത്തട്ടിൽ
മിന്നുന്ന മാഹേന്ദ്രക്കൽപ്പതക്കം—
വാരുററ വല്ലവീവല്ലികൾ തോറുമേ
പാറിപ്പറക്കുന്നൊരോമൽക്കിളി—
കാളിന്ദിതൻമണൽത്തിട്ടിൽക്കളിപ്പോരു
കാളായവർണ്ണമാം രാജഹംസം—
ആനായപ്പിള്ളർക്കൊരുമ്മയാകും ചങ്ങാതി—
യാമ്നായവേദികൾക്കാദ്യതത്ത്വം!

Digitized By Kerala Sahitya Akademi

18. കോലക്കുഴലുമാപ്പൈക്കളെ മേയ്ക്കുന്ന
കോലുമിടത്തെക്കരത്തിലാക്കി;
ത്രൈലോക്യസാമ്രാജ്യച്ചെങ്കോൽ വഹിയ്ക്കുന്ന
ചേലവമാകും വലത്തുകയ്യാൽ,

കാലിക്കിടാങ്ങൾതന്നെണ്ണയൊലിയ്ക്കുന്ന-
ച്ചോലുള്ള കോലം തലോടിക്കൊണ്ടും;
താരിന്ത ചൂഴവുമല്ലികൾപോലെ തൻ-
ചാരേ ചുഴന്നെഴും പൈതങ്ങളെ

ചാരുവാം പുഞ്ചിരിത്തേൻകൊണ്ടു ചാലിച്ച
ചാടുവാക്കാൽച്ചിരിപ്പിച്ചുകൊണ്ടും;
ചന്തത്തിൽപ്പീലിക്കൺ ചാർത്തിയ കാറൊളി-
ക്കുന്തളമൊട്ടൊട്ടഴിഞ്ഞു ചെമ്മേ,

ഗോരോചനക്കുറി മാഞ്ഞു വിയർപ്പിനാൽ
ഗൈരമുത്തേന്തിയ നെറ്റിമേലും,
ചേറു പുരണ്ടൊരു തൂമഞ്ഞൾച്ചിറ്റാട
ചേരുന്ന തോളിലും ചിന്നിക്കൊണ്ടും;

കാലികളോടൊത്തു പാഞ്ഞു നടന്നിട്ടു
കാനനധൂളികൾ പാറുകയാൽ,
ശില്പസംസ്കാരം കഴിയാത്ത രത്നമോ-
ടൊപ്പമാം പൂവൽമെയ് വാടിയാലും,

തായാടൽ നിർത്താൻ മനസ്സു വരായ്കയാൽ,
തായ പൊൻകിണ്ണത്തിലെണ്ണയുമായ്
നിന്നു നീരാടുവാൻ ചെൽവതിന്നായ് വിളി-
യ്ക്കുന്നതു കേൾക്കാത്ത ഭാവം പൂണ്ടും;

Digitized By Kerala Sahitya Akademi

‘കണ്ണാ, വരികി, താ വെണ്ണ’യെന്നാങ്ങയൽ-
പ്പെണ്ണുങ്ങൾ മാടി വിളിയ്ക്കിലപ്പോൾ.
മഞ്ജീരശിഞ്ജിതം വിശ്രമാരോമന-
ക്കുഞ്ഞിക്കാൽകൊണ്ടാശു പാഞ്ഞു ചെന്നും;
തെല്ലകലത്തായ്ത്തെളിഞ്ഞു വിളങ്ങുമാ-
ച്ചില്ലതാകന്ദമാം പൈതലിനെ
നല്ലപോലീക്ഷിപ്പാനാളായീലക്രൂര-
നല്ലുളൽബാഷ്പാക്ഷനാകമൂലം

19. ആ മഹാഭാഗതന്നീക്ഷണാൽ നിശ്ശേഷ-
കാമസമ്പൂർത്തി കൈവന്നതായും,
ഏതോ വിശിഷ്ടപ്രയോഗത്താൽ ജീവിതം
നൂതനമായ്ത്തീർന്നതായും തോന്നി.

20 ചേണററ പീയൂഷയൂഷക്കയമൊന്നി-
ലാണുമുഴുകിയാലെന്നപോലെ,
ഉള്ളം മുഴുക്കെക്കുളിർത്തവൻ ബാഹ്യമാ-
യുള്ളതെല്ലാമേ മറന്നുപോയി.

21. തേരിൽനിന്നഞ്ജസാ ചാടിയിട്ടാ യുവാ-
വാ,രിതെന്നേവരും നോക്കിനില്ക്കെ,
ആഴിപ്പെൺകാന്തന്റെ തൃക്കാൽ പതിഞ്ഞ വെൺ-
പൂഴിയിൽ വീണു കിടന്നുരുണ്ടാൻ.
ഉന്മസ്തകോത്തമഭക്തിയിൽ പ്രാജ്ഞനു-
മുന്മത്തചേഷ്ടനായ്ത്തീരുമല്ലോ

Digitized By Kerala Sahitya Akademi

## ൩. ജാതകം തിരുത്തി

1. ഉമർ, ഭവാനൂരിയ വാളൊടേവനെ-
സ്സമാക്രമിപ്പാൻ നടകൊൾവു സത്വരം?
ക്ഷമായുധംകൊണ്ടരിശത്തെ വെല്ലുയാം
സുമാനുഷക്കേറ്റ ജയം ജഗത്തിതിൽ.

2. കരാങ്കകം മേവിന ശാന്തിലക്ഷ്മിതാൻ
കരസ്ഥകേളീമുകുരം ത്വദാനനം;
വിരിഞ്ഞതിങ്കൾശ്ശിവനേ, ചുകന്ന ക-
ല്ലുരച്ചു തേച്ചാനൊരമർഷമക്കിടൻ!

3. ചിരന്തനാമ്നായകശീലനാർഹമീ
സ്സ്വരമ്മഹാസത്വഗുണം ത്വദാധരം
ദുരന്തമാം ക്രോധപിശാചമന്ത്രമോ
ച്ചരം ജപിയ്ക്കേണ്ടതധീരമാം വിധം?

4. സ്തുതിച്ചുകൊണ്ടേതൊരു കണ്ഠസീമ്നി തേ-
നതിന്ന നീലോൽപലമാല ചാർത്തണം,
അതിങ്കലിപ്പാമ്പെതിർവാൾ മയക്കുവാൻ
മുതിർന്നുവല്ലോ മുഴപാപി പോലെ നീ!

5. അഹമ്മുഖപ്പൊൻകതിർപോലെ ചോന്നവൻ
മുഹമ്മദ;-പ്പേരിനിതാ നമസ്കൃതം!
സ്വഹസ്തവാളായ തമിസ്രരേഖയാ
മഹസ്സിനെന്തുണ്ടു?-ഉമോപ്പതില്ല നീ.

6. അതല്ല തെറ്റെന്തു നബിയ്ക്കു: ജീവനാ-
മൃതം മൃതർക്കായിഹ കൊണ്ടുവന്നതോ?

Digitized By Kerala Sahitya Akademi

മതാന്ധിതൻ നിന്നോടു സത്യമൂർത്തി തൻ
സ്വാതന്ത്ര്യസന്ദേശമുരച്ചിടുന്നതോ?

7. ഫലം പെറും പാരിതെവൻെറ തോട്ടം,മു-
ജ്ജ്വലർക്ഷമാം വാനമെവൻെറ പൂവനം,
അലംഘ്യശുഭ്രമാമവനേ, ദൃഢം തവാ-
വലംബമെന്നോന്നരചെയ്തുപോയതോ?

8. 'പരസ്യമാക്കുന്ന പിശാചധർമ്മമീ
നരൻ നടന്നേ'ന്നസഹിഷ്ണു നീയഹോ,
പരൻെറ ചോരയ്ക്കസിനാവുനീട്ടി നി-
ർഭരം കുതിക്കുന്ന പിശാചിനൊപ്പമേ!-

9. 'ഒഴുക്കിടൊല്ലാ സമസ്തരക്ത'മെ-
ന്നു,ഴക്കുമാറരുൾചെയ്തവൻെറ താൻ
കഴുത്തിൽനിന്നാകണമോ, സവിഭ്രമം
മുഴുത്ത നിൻവാളിനു കുങ്കുമാർപ്പണം!

10. വരൂ സഖേ! സോദര, പിന്തിരിക്കുകീ-
ഗ്ഗുരുപാദദ്രോഹപഥത്തിൽനിന്നു നീ:
നിരൂപിയാതേ നരകം വരിക്കയോ,
പുരുത്സവം വിണ്ണുലകോവോനിൽനിന്നു നാം?

11. തിരിഞ്ഞുനോക്കാതെയവൻ വിവേകമായ്-
ത്തിരിഞ്ഞിട്ടുമുഴറിഗ്ഗമിക്കവേ,
ശരിക്കു വീക്ഷിച്ചിതു സർവസാക്ഷിതൻ
വിരിഞ്ഞ രാക്കണ്ണുകൾ വാനിൽനിന്നഹോ!

12. കടുത്ത ജിന്നിൻവിളി കേട്ടു സദ്ഗുരു-
ക്കൊടുംകൊലയ്ക്കുള്ളിലവൻ കുതിക്കവേ,

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi